"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി - ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകേണ്ട പലിശ കുടിശ്ശിക അനുവദിച്ച് പുറപ്പെട്ടുവിച്ച ഉത്തരവ് - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ.(കൈ) നം.11/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 31/01/2019

---

പരാമർശം:- 1 സഹകരണ വകുപ്പ് സെക്രട്ടറിയുടെ 12/01/20218ലെ ബി2/695/2017/സഹ നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

2 13/11/2018-ലെ സ.ഉ(കൈ)നം. 167/2018/തസ്വഭവ നമ്പർ ഉത്തരവ്.

3 പഞ്ചായത്ത് ഡയറക്ടറുടെ 27/11/2018ലെ PAN/26006/2018-J2(DP)നമ്പർ കത്ത്.

4. ഗ്രാമ വികസന കമ്മീഷണറുടെ 30/08/2018 ലെ 23688/ H&T1/13/CRD നം.കത്ത്

ഉത്തരവ്

സംസ്ഥാനത്തെ പാവപ്പെട്ട ഭവനരഹിതർക്ക് വീടും, ഭൂരഹിത ഭവനരഹിതർക്ക് സ്ഥലവും വീടും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിക്കായി ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ അനുവദിച്ചിരുന്നു. മുതൽ സംഖ്യ 10 തുല്യ ഗഡുക്കളായി ഗ്രാമപഞ്ചായത്തും, പലിശ സർക്കാരും അടച്ച് തീർക്കണമെന്ന വ്യവസ്ഥയിലാണ് ഇപ്രകാരം വായ്പ അനുവദിച്ചത് എന്നും എന്നാൽ സർക്കാർ വിവിധ ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകേണ്ട പലിശയുടെ കുടിശ്ശിക നൽകിയിട്ടില്ലാത്തതിനാൽ സഹകരണ ബാങ്കുകൾ നൽകിയ മുഴുവൻ തുകയും

നിഷ്ക്രിയ ആസ്തിയായി മാറിയിരിക്കുകയാണെന്നും, തുടർച്ചയായി ലഭിക്കേണ്ട പലിശ ലഭിക്കാത്തതിനാൽ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി ഗണ്യമായി വർദ്ധിക്കുന്നു എന്നും കേരള ബാങ്ക് രൂപീകരണത്തിനായി ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തികൾ പരമാവധി കുറക്കേണ്ട സാഹചര്യത്തിൽ പലിശയായി ലഭിക്കേണ്ട തുക ജില്ലാ സഹകരണ ബാങ്കുകൾക്ക് അനുവദിക്കണമെന്നും സഹകരണ വകുപ്പ് സെക്രട്ടറി പരാമർശം ( 1 ) ലെ കത്തിൽ ആവശ്യപ്പെട്ടുകയുണ്ടായി . ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം 18,00,00,000/- രൂപ (പതിനെട്ടു കോടി രൂപ മാത്രം ) ജില്ലാ സഹകരണ ബാങ്കുകൾക്ക് പലിശ യിനത്തിൽ വിതരണം ചെയ്യുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു .

2. പരാമർശം (2) ഉത്തരവിൽ, ഗ്രാമ പഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ എന്നിവയ്ക്ക് അനുവദിച്ച വായ്പ തുകയ്ക്ക് പലിശയിനത്തിൽ അനുവദിക്കേണ്ട കുടിശ്ശികയുടെ ആനുപാതിക തുകയും ആയതു ചെലവഴിക്കേണ്ട വകുപ്പ് മേധാവികളെ സംബന്ധിച്ചും വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ആയതു സംബന്ധിച്ച് താഴെ പറയും പ്രകാരം സ്പഷ്ടീകരണം നൽകി കൊണ്ട് ഉത്തരവാകുന്നു.

ഇഎംഎസ് ഭവന പദ്ധതിക്കായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹകരണ ബാങ്കുകളിൽ നിന്ന് അനുവദിച്ച വായ്പയിന്മേൽ ബാങ്കുകൾക്ക് പലിശയിനത്തിൽ ലഭ്യമാക്കുന്നതിനായി പരാമർശം (2) ഉത്തരവു പ്രകാരം 2216-80-800-89 (എൻ .പി ) ശീർഷകത്തിൽ നിന്നും അനുവദിച്ച 18 കോടി രൂപ താഴെ പറയും പ്രകാരം ഗ്രാമ /ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യേണ്ടതാണ് .

പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് 31.03.2018 വരെ പലിശയിനത്തിൽ നൽകുവാനുള്ള 107,15,92,098 (നൂറ്റി ഏഴ് കോടി പതിനഞ്ച് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി തൊണ്ണൂറ്റെട്ട് രൂപ മാത്രം) രൂപയിൽ 14കോടി രൂപ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചുകൊണ്ടും ടി തുക മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ടും . ഗ്രാമവികസനകമ്മീഷണർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ കത്തിന്റെ അടിസ്ഥാനത്തിൽ 01.04.2014 മുതൽ 31.03.2017 വരെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പലിശയിനത്തിൽ നൽകേണ്ട 10,08,81,230 (പത്ത് കോടി എട്ടു ലക്ഷത്തി എൺപത്തി ഒന്നായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ മാത്രം) രൂപയിൽ 2 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ചുകൊണ്ടും 01.04.2014 മുതൽ 31.03.2017 വരെ ജില്ലാ പഞ്ചായത്തുകൾക്ക് പലിശയിനത്തിൽ നൽകേണ്ട 9,60,11,101 ( ഒമ്പത് കോടി അറുപത് ലക്ഷത്തി പതിനൊന്നായിരത്തി നൂറ്റി ഒന്ന് രൂപ മാത്രം) രൂപയിൽ 2 കോടി രൂപ ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിച്ചുകൊണ്ടും ടി തുക മാറി

നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
എല്ലാ സഹകരണ ബാങ്ക് അധികാരികൾക്കും
സഹകരണ വകുപ്പിന്
ധനകാര്യവകുപ്പിന്
ഡയറക്ടർ, കേരള ,സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

പകർപ്പ്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ)യുടെ പി.എക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ